➩ പലതരം കാട്ടുമണങ്ങളുടെ ഒരു പുസ്തകം കൂടിയാണിത് ➩

# നഷ്ടപ്പെട്ട പറുദീസയെക്കുറിച്ച് ഒരു ക്യാമറയ്ക്ക് പറയാനുള്ളത്

പ്രശസ്ത വന്യജീവി ഫോട്ടോഗ്രാഫർ എൻ.എ. നസീറിന്റെ കാടിനെക്കുറിച്ചുള്ള എഴുത്തുകൾ പകരുന്ന വായനാനുഭവം പങ്കുവയ്ക്കുന്നു മരുഭൂമികളെക്കുറിച്ച് എഴുതുന്ന

**വി. മുസാഫർ അഹമ്മദ്**

2014 ജൂലായ് 19ന് തൃശൂർ സാഹിത്യ അക്കാദമിയിൽ വച്ച് നടന്ന 'കാടിനെ ചെന്ന് തൊടുമ്പോൾ' എന്ന എൻ.എ. നസീറിന്റെ പുസ്തകത്തിന്റെ പ്രകാശന ചടങ്ങിൽ നടത്തിയ പ്രഭാഷണം.

**കാടിനെയും** മനുഷ്യരെയും കുറിച്ച് 'കാടും ഫോട്ടോഗ്രാഫറും' എന്ന ആദ്യപുസ്തകത്തിൽ നസീർ തുടങ്ങിവച്ച സംവാദം ഈ രണ്ടാം പുസ്തകത്തിൽ കൂടുതൽ മൂർത്തമായ രൂപത്തിലേക്ക് എത്തുന്നതായാണ് കാണാൻ കഴിയുന്നത്. നസീർ ചിത്രങ്ങൾ എടുക്കുന്ന ഒരാളാണ്. പടമെടുക്കുന്നതിനായി ഒരു ഫോട്ടോഗ്രാഫർക്ക് നൽകുന്ന കമാൻഡ് 'ഷൂട്ട്' എന്നാണ്. ഒരു വേട്ടക്കാരന് ഇരയെ വെടിവയ്ക്കുന്നതിനായി നൽകുന്ന കമാൻഡും 'ഷൂട്ട്' എന്നുതന്നെയാണ്. ക്യാമറയും തോക്കും തമ്മിൽ അന്തരമില്ലാത്ത വിധം പ്രവർത്തിക്കുന്ന സന്ദർഭങ്ങൾ ചിലപ്പോഴെല്ലാം മനുഷ്യജീവിതത്തിലുണ്ടാകാറുണ്ട്. ക്യാമറ കിട്ടുമ്പോൾ നമ്മൾ പലപ്പോഴും പോലീസായി മാറുമെന്നും മറ്റൊരാളുടെ സ്വകാര്യതയിലേക്ക് കടന്നുകയറാൻ ശ്രമിക്കുമെന്നും സൂസൻ സൊൻടാഗിനെപ്പോലെ ഫോട്ടോഗ്രാഫിയെക്കുറിച്ച് വളരെ ഗൗരമായി ചിന്തിച്ചിട്ടുള്ളവർ നിരീക്ഷിച്ചിട്ടുണ്ട്. അത് ശരിയാണോ തെറ്റാണോ എന്ന ഒരു സംവാദം ഫോട്ടോഗ്രഫി എന്ന കലയെക്കുറിച്ച് ഏറെ വർഷങ്ങളായി നടക്കുന്നുണ്ട്.

കേരളത്തിൽ മാത്രമല്ല ലോകത്തിന്റെ മിക്കഭാഗങ്ങളിലും എല്ലാവരുടെയും കയ്യിൽ ക്യാമറയുള്ള ഒരു കാലമാണിത്. ക്യാമറ ലഭ്യമല്ലാതിരുന്ന ഒരു കാലത്ത് നിന്നും ക്യാമറാ സമൃദ്ധിയുടെ ഒരു കാലത്തേക്ക് നമ്മൾ എത്തിച്ചേർന്നിരിക്കുന്നു. അങ്ങനെയൊരു കാലത്താണ്, ഷൂട്ട് എന്ന കമാൻഡിലൂടെ ക്ലിക്കുചെയ്യപ്പെടുന്ന ഫോട്ടോകൾ മറ്റൊരു ഷൂട്ട് എന്ന കമാൻഡിലൂടെ നടക്കുന്ന വേട്ടയാടലിനെതിരെ പോരാടാനിറങ്ങിയിരിക്കുന്നത്. ഈ സന്ദർഭത്തിൽ നിന്നുകൊണ്ടാണ് നസീറിന്റെ ലേഖനങ്ങളെയും ഈ രണ്ട് പുസ്തകങ്ങളെയും ഞാൻ വായിക്കാൻ ആഗ്രഹിക്കുന്നത്. യാത്രയിൽ താത്പര്യമുള്ള ഒരാളെന്നതിലുപരി ഞാൻ നസീറിന്റെ രചനകളിൽ ഇത്തരത്തിലുള്ള ഒരർത്ഥം കൂടി കാണാൻ ശ്രമിക്കുകയാണ്.

കാട്ടിലെത്തുമ്പോൾ നമ്മുടെ മൂക്കിലേക്കെത്തുന്ന ചില മണങ്ങളെക്കുറിച്ച് പുസ്തകത്തിന്റെ തുടക്കത്തിൽ നസീർ പറയുന്നുണ്ട്. പലതരം കാട്ടുമണങ്ങളുടെ ഒരു പുസ്തകം കൂടിയാണിത്. ചീഞ്ഞുപോയ മാംസം ഭക്ഷിച്ച് നടന്നുപോയ ഒരു കടുവയുടെ മണത്തെക്കുറിച്ച് നസീർ ഇതിൽ പറയുന്നുണ്ട്. വികാസ



ഫോട്ടോ: എൻ.എ. നസീർ

ടെയും അടിത്തറ മനുഷ്യൻ കാട്ടിൽ ത്തന്നെ ജീവിച്ചിരുന്ന കാലത്ത് ലഭിച്ച അറിവുകളാണ്. ആ അറിവുകളിലൂന്നിയാണ് മനുഷ്യൻ പിൽക്കാലത്ത് മുന്നോട്ട് പോയിട്ടുള്ളതെന്ന് നസീർ പങ്കുവയ്ക്കുന്ന കാടനുഭവങ്ങളിലൂടെ നമുക്ക് ബോധ്യമാകുന്നു. മനുഷ്യൻ ആദ്യം പിറുന്നവീണ ആ വീട്ടിലേക്കും അറിവുകളിലേക്കുമുള്ള മടക്കമാണ് നസീറിന്റെ ഈ പുസ്തകത്തിൽ നിറയെ. ലോകത്തുള്ള എല്ലാ മനുഷ്യരുടെയും ഗർഭപാത്രത്തിലേക്ക് മടങ്ങിപ്പോകുന്നതിനുള്ള ചോദനയെ തിരിച്ചറിയുന്ന തരത്തിലുള്ള എഴുത്താണ് നസീർ നടത്തിയിരിക്കുന്നത്. കാടിനെയും കാട്ടിലെ വലിയ ജീവികളെയും കുറിച്ച് പറയുന്നതിനൊപ്പം സൂക്ഷ്മജീവികളെപ്പറ്റിയും നസീർ സംസാരിക്കുന്നുണ്ട്. എല്ലാ മതവിശ്വാസങ്ങളും പറയുന്ന പറുദീസാ നഷ്ടം പോലെ ഒരു വലിയ നഷ്ടം വനത്തിന് പുറത്തേക്ക് വന്നതോടെ നമുക്ക് സംഭവിച്ചിരിക്കുന്നു. ആ നഷ്ടമാണ് ഇന്ന് നാം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി. ആ പ്രതിസന്ധിയെ അഭിസംബോധന ചെയ്യാനാണ് നസീർ ശ്രമിക്കുന്നത്.

പുസ്തകത്തിന്റെ തുടക്കത്തിൽ "എനിക്ക് വളരെക്കുറച്ച് വാക്കുകളേ അറിയൂ" എന്ന് നസീർ പറയുന്നുണ്ട്. ആലങ്കാരികമായി എഴുതാൻ അറിയില്ലെന്നും പറയുന്നു. മാധവിക്കുട്ടി, "എനിക്ക് വളരെക്കുറച്ച് മലയാള വാക്കുകളേ അറിയൂ. ആ വാക്കുകൾ ഉപയോഗിച്ചാണ് ഞാൻ എഴുതുന്നത്" എന്ന് പറഞ്ഞിട്ടുണ്ട്. അതിന് സമാനമായ ഒരു സാഹിത്യ പ്രസ്താവനയാണ് നസീറും നടത്തിയിരിക്കുന്നത്. വളരെക്കുറച്ച് വാക്കുകളേ അറിയൂ എന്ന് പറയുന്ന ഒരാൾ നിർമ്മിച്ചെടുത്ത സാഹിത്യം ഇത്രയധികം വായനക്കാരെ സൃഷ്ടിച്ചിരിക്കുന്നു എന്നത് വളരെ പ്രധാനമാണ്. അതൊരു സാഹിത്യ സംഭവമാണ്. ബാല്യകാലത്ത് എഴുതിയിരുന്ന പലതും ടീച്ചറായിരുന്ന ഉമ്മ എടുത്തുനോക്കി അക്ഷരത്തെറ്റുകൾ തിരുത്തി വയ്ക്കുമായിരുന്നു എന്ന് നസീർ പറയുന്നുണ്ട്. സാഹിത്യചരിത്രത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ വൈക്കം മുഹമ്മദ് ബഷീർ എഴു

പരിണാമത്തിനിടയിൽ മനുഷ്യർക്ക് അന്യമായിത്തീർന്ന ഇത്തരം ഒരുപാട് മണങ്ങൾ നസീർ പുസ്തകത്തിൽ പരിചയപ്പെടുത്തുന്നു. വെള്ളം കട്ടിയാക്കുന്ന ഒരുതരം ഇലയെക്കുറിച്ച്, മോരിനെ പെട്ടെന്ന് തൈരാക്കുന്ന ഇലയെക്കുറിച്ച് നസീർ എഴുതിയിട്ടുണ്ട്. പിൽക്കാലത്ത് സയൻസിന്റെ ടെക്നോളജിയുടെയും സഹായത്തോടെ മനുഷ്യൻ നേടിയെടുത്തതായി പറയപ്പെടുന്ന പലതരം കണ്ടുപിടുത്തങ്ങളുടെയും, ശാസ്ത്രീയക്കുതിപ്പുകളു

*⇨ സംസ്കാരമെന്ന് നമ്മൾ പറയുന്ന പലതിനെയും അതിമനോഹരമായി ഈ പുസ്തകം ചോദ്യം ചെയ്യുന്നു ⇨*




**കാടിനെ ചെന്ന് തൊടുമ്പോൾ**
എൻ.എ. നസീർ
പ്രസാധനം : മാതൃഭൂമി ബുക്സ്
വില: 200 രൂപ

തിയതിന് സമാനമായ ഒരു സംഭവം ഇവിടെ ഓർമ്മിക്കുന്നു. “ഇതിൽ ആഖ്യാനമെവിടെ? ഗ്രാമർ എവിടെ?” എന്ന ചോദ്യം ബഷീറിനും അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ട്. അക്ഷരങ്ങൾ തെറ്റാതെ എഴുതാനറിയില്ല എന്ന് സമ്മതിച്ചുകൊണ്ട് എഴുതുമ്പോഴും പ്രതീക്ഷിക്കാൻ കഴിയാത്ത ഒരു ലോകത്തേക്കാണ് നസീർ നമ്മെ എത്തിക്കുന്നത്. “കാടിനെക്കുറിച്ച് എഴുതാൻ ഞാൻ പലരോടും പറഞ്ഞു. പക്ഷെ അവർ കൂട്ടാക്കിയില്ല. അതുകൊണ്ടാണ് ഞാൻ എഴുതുന്നത്” എന്നും നസീർ പറയുന്നുണ്ട്.

പലരും വളരെ അകലെനിന്നുമെടുക്കുന്ന കരടിയുടെ ഒരു ഫോട്ടോ വളരെ അടുത്ത് നിന്നും നസീർ എടുക്കുന്ന ഒരു ചിത്രമുണ്ട് കാടും ഫോട്ടോഗ്രാഫറും എന്ന പുസ്തകത്തിൽ. “എന്റെ കയ്യിൽ ദൂരെ നിന്ന് എടുക്കാൻ കഴിയുന്ന ക്യാമറയില്ലാത്തതിനാൽ അടുത്ത് പോയി എടുത്തു” എന്ന് നസീർ പറയുന്നു. ഫോട്ടോഗ്രഫിയുടെ എത്തിക്സ് എന്താണ് എന്ന ചോദ്യം നസീർ ഉന്നയിക്കുന്നു. ഒരാളുടെ അനുമതിയില്ലാതെ അയാളുടെ പടമെടുക്കാമോ? അപരനിലേക്ക് സൗകര്യം കിട്ടിയാൽ കടന്നുകയറണോ വേണ്ടയോ എന്ന സംവാദം നടന്നുകൊണ്ടിരിക്കുമ്പോഴും നസീർ ഓരോ മൃഗത്തിന്റെ പടമെടുക്കുന്നതിനായി അതിന്റെ അനുമതിക്കായി കാത്തുനിൽക്കുന്നത് കാണാം. “കാട്ടുപോത്ത്, കരടി, ആന എന്തുമാകട്ടെ പടമെടുക്കുന്നത് അതിന് ഇഷ്ടമാണോ അല്ലായോ എന്ന് എനിക്കറിയാം.” നസീർ പറയുന്നു. ഇഷ്മല്ലാത്തപ്പോൾ, “അപ്പോൾ ഞാൻ ക്യാമറ താഴ്ത്തിവച്ചു. ലെൻസ് ഊരിവച്ചു. മുൾക്കാട്ടിലേക്ക് അമർന്നുകിടന്നു” എന്നെല്ലാം നസീർ എഴുതിയിട്ടുണ്ട്. അത്തരത്തിൽ ഫോട്ടോഗ്രഫിയുടെ എത്തിക്സിനെക്കുറിച്ച് ഒരു ഡിബേറ്റ് ഈ പുസ്തകത്തിൽ നടക്കുന്നുണ്ട്. പരിസ്ഥിതിയെ സംബന്ധിച്ച്, കാട് സംരക്ഷിക്കേണ്ടുന്നതിനെക്കുറിച്ചുള്ള സംവാദങ്ങൾ ഉയർത്തിക്കൊണ്ടുവരുന്നതിനൊപ്പം താൻ കൈകാര്യം ചെയ്യുന്ന ക്യാമറ എന്ന ആയുധത്തെക്കുറിച്ച് മൃഗങ്ങളുമായി നസീർ ഒരു സംവാദം നടത്തുന്നതായി കാണാൻ കഴിയും.

വന്യമെന്ന് ഇന്ന് പറയുന്നത് വികസിക്കാത്തതിനെക്കുറിച്ചാണ്. മരുഭൂമിയിലൂടെ യാത്രചെയ്യുമ്പോൾ, ബദുക്കളെക്കുറിച്ച് സംസ്കാരമില്ലാത്തവരാണ്, മനുഷ്യരെ പിടിച്ച് തിന്നും എന്നെല്ലാം ഇതുപോലെ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. പാശ്ചാത്യരുണ്ടാക്കിയെടുത്ത ഒരു മിത്താണത്. ആരാണ് മികച്ച മനുഷ്യർ എന്നതിന്, മനുഷ്യൻ തന്നെ നൂറ്റാണ്ടുകളായി ഉണ്ടാക്കിയെടുത്ത പ്രബലമായ നിർവ്വചനത്തെ ഈ പുസ്തകം ചോദ്യം ചെയ്യുന്നു. കേവലമായ ഒരു പ്രകൃതിവാദമല്ല, മനുഷ്യനാൽ നിലനിൽക്കുന്ന ഒരു പ്രകൃതിയെക്കുറിച്ചാണ് നസീർ സംസാരിക്കുന്നതെന്ന് പറയാം. ഒരു കുഞ്ഞിനെ എടുത്തുകൊണ്ടുപോകുന്ന അമ്മയായ കരടിയോട് മനുഷ്യൻ എങ്ങനെയാണ് പെരുമാറേണ്ടത് എന്നതിനെക്കുറിച്ചാണ് നസീർ പറയുന്നത്. അങ്ങനെ, സംസ്കാരമെന്ന് നമ്മൾ പറയുന്ന പലതിനെയും അതിമനോഹരമായി ഈ പുസ്തകം ചോദ്യം ചെയ്യുന്നു. ■

**സാമൂഹിക ജീവിത മാതൃകകൾ**
**ആശയ വിനിമയ സംഗമം**

മതേതര സംഘജീവിതം, മതാധിഷ്ഠിത സംഘജീവിതം, സഹജീവനം, പരമ്പരാഗത കുടുംബജീവിതം, സ്ത്രീ സാമൂഹിക ജീവിതത്തിൽ തുടങ്ങിയ വിഷയങ്ങളിൽ സംവാദം. വ്യത്യസ്തങ്ങളായ സാമൂഹിത ജീവിതമാർഗ്ഗങ്ങളുടെ സാധ്യതകളും പ്രശ്നങ്ങളും വിലയിരുത്തുന്നു.
**2014 ആഗസ്റ്റ് 14, 15, 16 തീയതികളിൽ**
പ്രണയകുലം മെഡിറ്റേഷൻ റിസോർട്ട്
**മേവെള്ളൂർ, കോട്ടയം**
ബന്ധങ്ങൾക്ക്: 9447208882